**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2443** **13-09-2023 - ൽ മറുപടിയ്ക്ക്**

**സബ്സിഡിയിൽ വിൽക്കുന്ന മാവേലി സ്റ്റോറുകളിലെ ഉൽപ്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഭൂരിഭാഗം മാവേലി സ്റ്റോറുകളിലും ലഭ്യമാകാത്തത് സർക്കാർ സപ്ലൈകോയ്ക്ക് നൽകാനുള്ള കുടിശിക കാരണമാണോ എന്ന് വ്യക്തമാക്കാമോ; | (എ) | അല്ല. സബ്സിഡിയിൽ വിൽക്കുന്ന ഉല്പന്നങ്ങൾ സപ്ലൈകോ വിൽപ്പനശാലകളിൽ മതിയായ അളവിൽ സ്റ്റോക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഓരോ മാസത്തെ ഇ-ടെൻഡർ നടപടികളിലൂടെ സംഭരിക്കുന്ന സാധനങ്ങൾ മാസത്തിന്റെ അവസാന നാളുകളിൽ വിറ്റ് തീർന്നുപോകുന്ന സാഹചര്യമുണ്ട്. |
| (ബി) | സബ്സിഡിയിൽ വിൽക്കുന്ന പതിമൂന്ന് ഉൽപ്പന്നങ്ങൾക്കായി സപ്ലൈകോ നടത്തുന്ന പർച്ചെയ്സുകൾ വർഷങ്ങൾ കഴിയുംതോറും കുറഞ്ഞുവരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) | **ഇല്ല. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ, സബ്സിഡിയിൽ വിൽക്കുന്ന 13 ഇനം ഉല്പന്നങ്ങൾക്കായി സപ്ലൈകോ നടത്തുന്ന പർച്ചേസുകൾ ഓരോ വർഷം കഴിയും തോറും കൂടി വരുന്നതായാണ് കാണുന്നത്.** |

സെക്ഷൻ ഓഫീസർ